21596
29/11/19

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- കണ്ണൂർ ഏഴിമല നാവിക അക്കാദമിയിൽ വനവൽക്കരണ പദ്ധതിയ്ക്കാവശ്യമായ വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

വനം വന്യജീവി (ഇ) വകുപ്പ്

G.O.(Rt)No.398/2019/F&WLD തിരുവനന്തപുരം, തീയതി 01/10/2019

പരാമർശം:- 1) 23.01.2019 തീയതി ചീഫ് സെക്രട്ടറിയുടെ കമ്മിറ്റിറൂമിൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിന്റെ നടപടിക്കുറിപ്പുകൾ.

2) കണ്ണൂർ ഏഴിമല നാവികഅക്കാദമി ലഫ്.കമാന്ററുടെ 01.02.2019 തീയതിയിലെ 140/Afrstn INA നമ്പർ കത്ത്.

3) പൊതുഭരണ (എസ്.സി&എസ്.എസ്) വകുപ്പിന്റെ 31.12.2018, 08.03.2019 തീയതികളിലെ SS2/86384/2011/പൊ.ഭ.വ നമ്പർ കത്തുകൾ.

4) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29.04.2019, 04.05.2019 എന്നീ തീയതികളിലെ SW3-80061/19 നമ്പർ കത്തുകൾ.

ഉത്തരവ്

23.01.2019 തീയതിയിലെ കണ്ണൂർ ഏഴിമല നാവിക അക്കാഡമി പ്രോജക്റ്റ് സംബന്ധിച്ച കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനപ്രകാരം, കണ്ണൂർ ഏഴിമല നാവിക അക്കാഡമി കാമ്പസിൽ തീരപ്രദേശത്തിന്റെ വനവവൽക്കരണത്തിനായി 30,000 കാറ്റാടിതൈകൾ സൗജന്യമായി നൽകുന്നതിന് പരാമർശം (2) പ്രകാരം ലഫ്.കമാന്റർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ഏഴിമല നാവിക അക്കാഡമിയുടെ തീരപ്രദേശം ഉൾപ്പെടുന്ന വലിയ ക്യാമ്പസ് വനവൽക്കരണം നടത്തുന്ന ആവശ്യത്തിലേയ്ക്കായി 14.1 ലക്ഷം രൂപ വില വരുന്ന 30,000 കാറ്റാടിതൈകൾ കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽ നിന്നും സൗജന്യമായി നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)-ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൈകൾ നടുന്നതിനുള്ള ചെലവ് കണ്ണൂർ ഏഴിമല നാവിക അക്കാഡമി വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATYAJEET RAJAN
ADDITIONAL CHIEF SECRETARY

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), തിരുവനന്തപുരം.

സ്റ്റേഷൻ കമാൻഡർ, നാവിക അക്കാഡമി, ഏഴിമല, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (06.06.2019 ലെ അഗ്രി ബി/97/2019/ധനം പ്രകാരം).

പൊതുഭരണ (രഹസ്യവിഭാഗം) വകുപ്പ്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ